**കോഴിക്കോടെത്തിയ പ്രവാസികൾക്ക് ഭക്ഷണം നൽകാനും കുടുംബശ്രീ**

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ നാട്ടിലെത്തിച്ചേർന്ന കോഴിക്കോട് ജില്ലയിലെ പ്രവാസികൾക്ക് കോവിഡ് കെയർ സെന്ററുകളിൽ ഭക്ഷണം എത്തിച്ച് നൽകാനും കുടുംബശ്രീ. ജില്ലാ ഭരണകൂടത്തിന്റെ പ്രത്യേക ആവശ്യപ്രകാരമാണ് ഈ ദൗത്യം കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നത്. ജില്ലയിൽ ചാത്തമംഗലം എൻ.ഐ.ടി ക്യാമ്പസിലെ എം.ബി.എ ഹോസ്റ്റലിലും ഫറൂഖിലെ റെയ്സ് എൻട്രൻസ് കോച്ചിങ് കേന്ദ്രം ഹോസ്റ്റലിലും പ്രവാസികൾക്കായി പ്രവർത്തിക്കുന്ന കോവിഡ് കെയർ കേന്ദ്രങ്ങളിലാണ് കുടുംബശ്രീ മുഖേന ഭക്ഷണം എത്തിച്ച് നൽകുന്നത്.

ഇരു കേന്ദ്രങ്ങളിലും ദിവസം മൂന്ന് നേരം വീതമാണ് ഭക്ഷണം ലഭ്യമാക്കുന്നത്. റംസാൻ നോമ്പെടുക്കുന്നവർക്ക് അത് അനുസരിച്ച് വ്രതാരംഭത്തിനും നോമ്പു തുറക്കുന്നതിനുമായും നോമ്പുതുറ വിഭവങ്ങളും നൽകുന്നു. നെയ്ച്ചോറ്, ചിക്കൻ ബിരിയാണി, ചിക്കൻ ഫ്രൈ, ജീരക കഞ്ഞി, ചപ്പാത്തി, പത്തിരി, ഇറച്ചി കറി, പഴങ്ങൾ, പച്ചക്കറി വിഭവങ്ങൾ എന്നീ വിഭവങ്ങൾ ഇങ്ങനെ നൽകുന്നു. മേയ് ഏഴ് മുതലാണ് ചാത്തമംഗലത്ത് പ്രവർത്തനം ആരംഭിച്ചത്. റെയ്സ് കേന്ദ്രത്തിൽ മേയ് 12 മുതലും.

ചാത്തമംഗലം സി.ഡി.എസ് ചെയർപേഴ്സൺ ഉൾപ്പെടുന്ന സംഘമാണ് എം.ബി.എ ഹോസ്റ്റലിൽ ഭക്ഷണം തയ്യാറാക്കി കാറ്ററിങ് മാതൃകയിൽ സെന്ററുകളിലേക്ക് നൽകുന്നത്. റെയ്സ് പരിശീലന കേന്ദ്രത്തിന്റെ ഹോസ്റ്റലിലേക്ക് ഭക്ഷണം തയ്യാറാക്കി നൽകുന്നത് ഫറൂഖ് സി.ഡി.എസ് ചെയർപേഴ്സണും സംഘവുമാണ്. ചാത്തമംഗലത്ത് 78 പേർക്കാണ് ഭക്ഷണം നൽകുന്നത്. റെയ്സ് പരിശീലന കേന്ദ്രം ഹോസ്റ്റലിൽ

നിരീക്ഷണത്തിൽ കഴിയുന്ന 40 പേർക്കും ഭക്ഷണം നല്കുന്നു. ജില്ലാ ഭരണകൂടമാണ് ഭക്ഷണത്തിന്റെ തുക നൽകുന്നത്.

നേരത്തേ ജില്ലയിൽ പ്രവർത്തിച്ചു വന്നിരുന്ന രണ്ട് കോവിഡ് കെയർ കേന്ദ്രങ്ങളിൽ കുടുംബശ്രീ കാറ്ററിങ് യൂണിറ്റ് മുഖേന ഭക്ഷണം ലഭ്യമാക്കിയിരുന്നു. ഐ.എം.ജി പരിശീലന കേന്ദ്രത്തിലും ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിലുള്ള കേന്ദ്രത്തിലും കോഴിക്കോട് കോർപ്പറേഷൻ സെൻട്രൽ സി.ഡി.എസിന് കീഴിലുള്ള രുചിക്കൂട്ട് കാറ്ററിങ് യൂണിറ്റാണ് ദിവസേന മൂന്ന് നേരം വീതം ഭക്ഷണം നൽകി വരുന്നത്.